(ഇ) വാഹനങ്ങളുടെയും ജീവനക്കാരുടെയും അപര്യാപ്തത മൂല മാണ് റദ്ദു ചെയ്യേണ്ടി വരുന്നത്.

(എഫ്) കൂടുതൽ സർവ്വീസുകൾ വാഹനങ്ങളുടെ ലഭ്യതയനുസരിച്ച് ഓപ്പറേറ്റ് ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നു.

131 (1580) കേരള രജിസ്ട്രേഷനുള്ള ടാക്സി ജീപ്പുകൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള രജിസ്ട്രേഷനുള്ള ടാക്സി ജീപ്പുകൾക്ക് മറ്റു സംസ്ഥാ നങ്ങളുടെ പെർമിറ്റിന് അപേക്ഷിക്കുന്നതിനായി കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി സെക്രട്ടറിയുടെ നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതി നായി 1998 വർഷം വാഹന ഉടമകളിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചി ട്ടുണ്ട്;

(ബി) ഈ അപേക്ഷകളെല്ലാം പരിഗണിച്ച് നോ-ഒബ്ജക്ഷൻ സർട്ടി ഫിക്കറ്റ് നൽകിയിട്ടുണ്ടോ;

(സി) ഏതെങ്കിലും അപേക്ഷകൾ പരിഗണിക്കാതെയും തീരുമാനമെ ടുക്കാതെയും കാലതാമസം വരുത്തിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(ഡി) ഇക്കാര്യത്തിൽ വാഹന ഉടമകൾക്കുള്ള പരാതി പരിഹരിക്കു വാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 13 (പതിമൂന്ന്) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) രണ്ടു അപേക്ഷകളിൻമേൽ തീരുമാനം എടുത്തിട്ടില്ല. ബാക്കി അപേക്ഷകൾ ബന്ധപ്പെട്ട സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റികളിൽ നിന്നും വേക്കൻസികൾ ലഭ്യമാണ് എന്ന് കിട്ടിയ റിപ്പോർട്ടിൻപ്രകാരം അപേക്ഷകൾ പരിഗണിച്ച് റെക്കമെന്റേഷൻ കത്തുകൾ നൽകിയിട്ടുണ്ട്.

(സി) വയനാട് ജില്ലയിൽ സുൽത്താൻബത്തേരിയിൽ നിന്നും ലഭിച്ച രണ്ട് അപേക്ഷകളിൻമേൽ തീരുമാനം എടുത്തിട്ടില്ല. എസ്.ടി.എ. ബാംഗ്ലൂരിൽ നിന്നും വേക്കൻസി ലഭ്യതയെക്കുറിച്ചുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടും ലഭി ക്കാത്ത സാഹചര്യത്തിൽ വാഹന ഉടമകളുടെ ആവശ്യപ്രകാരം ബന്ധ പ്പെട്ടരേഖകൾ അവർ തിരിച്ചു നൽകിയിട്ടുണ്ട്. വേക്കൻസി റിപ്പോർട്ടു കിട്ടി യാൽ ഈ അപേക്ഷകൾ പരിഗണിക്കുന്നതാണ്.

(ഡി) നടപടി കൈക്കൊള്ളുന്നതാണ്.

132 (1581) സ്വകാര്യവനങ്ങളുടെ ദേശസാൽക്കരണത്തിലൂടെ ലഭിച്ച ഭൂമി.

ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ഡോ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യവനങ്ങളുടെ ദേശസാൽക്കരണത്തിലൂടെ ഗവൺമെന്റിനു എത്ര ഭൂമി ലഭിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

(ബി) സ്വകാര്യവനഭൂമി ദേശസാൽക്കരണ നിയമപ്രകാരം കൃഷിയോഗ്യമായ വനഭൂമി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ഭൂരഹിത കർഷകത്തൊഴിലാളികൾക്കും നൽകുവാൻ വ്യവസ്ഥയുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഇതു പ്രകാരം എത്ര ഭൂമി നൽകിയിട്ടുണ്ടെന്നും ഇനി എത്ര ഭൂമി നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(ഇ) ഇപ്രകാരം ഭൂമി നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 1,85,000 ഹെക്ടർ വനഭൂമി സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 1971-ലെ കേരള സ്വകാര്യവനം (നിക്ഷിപ്തമാക്കലും പതിച്ചു കൊടുക്കലും) നിയമത്തിലും തദനുസരണം 1974-ൽ പുറപ്പെടുവിച്ച കേരളാ സ്വകാര്യവനം (നിക്ഷിപ്തമാക്കലും പതിച്ചു കൊടുക്കലും) റൂൾസിലും ഇതിനു വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. സർക്കാർ ഏറ്റെടുത്ത സ്വകാര്യ നിക്ഷിപ്ത വനഭൂമിയിൽ വനമായി നിലനിർത്തേണ്ടതെന്ന് സർക്കാർ നിശ്ചയിക്കുന്ന അത്രയും സ്വകാര്യവനം റിസർവ് ചെയ്തതിനുശേഷം ബാക്കിയുള്ള സ്വകാര്യവനങ്ങളിൽ കാർഷിക ഉന്നമനത്തിനുവേണ്ടിയോ കർഷക സമൂഹത്തിന്റെ ക്ഷേമത്തിനുവേണ്ടിയോ അനുബന്ധ ആവശ്യങ്ങൾക്കുവേണ്ടിയോ ഉപയുക്തമെന്നു കാണുന്ന ഭൂമി രജിസ്റ്റർ ചെയ്തോ പാട്ടമായോ നൽകാവുന്നതാണ്. ഇപ്രകാരം ഒരു വ്യക്തിക്ക് പരമാവധി നൽകാവുന്ന ഭൂമി രണ്ട് ഹെക്ടറാണ്. ഇപ്രകാരം ഭൂമി ലഭിക്കാൻ അർഹതയുള്ളവരുടെ വിവരവും അവർക്ക് ലഭിക്കാവുന്ന ഭൂമിയുടെ അളവും താഴെപ്പറയുന്നു.

1. പട്ടിക വർഗ്ഗക്കാർ - സർക്കാരിൽ നിക്ഷിപ്തമായ സ്വകാര്യ വനത്തിൽ താമസക്കാരായിരുന്ന പട്ടികവർഗ്ഗ കുടുംബങ്ങളിൽപ്പെട്ടവർ, കാർഷികവൃത്തി ഉപജീവനമാർഗ്ഗമാക്കാൻ സന്നദ്ധരാണെങ്കിൽ അവർക്ക് മുൻഗണന നൽകിക്കൊണ്ട് ഈ ആവശ്യത്തിനു ലഭിക്കുന്ന ഭൂമിയുടെ 50%

2. കാർഷികവൃത്തി ഉപജീവനമാർഗ്ഗമായി സ്വീകരിക്കുവാൻ സന്നദ്ധരായിട്ടുള്ള പട്ടികജാതിക്കാർ-മേൽ 50 ശതമാനം കഴിച്ച് ബാക്കിയുള്ളതിന്റെ 20 ശതമാനം.

3. കർഷകർ-മേൽ ഒന്നാം ഇനം ഒഴിച്ച് ബാക്കിയുള്ളതിന്റെ 15 ശതമാനം.

4. കർഷകത്തൊഴിലാളി-മേൽ 1-ാം ഇനം കഴിച്ച് ബാക്കിയുള്ളതിന്റെ 20 ശതമാനം.

5. ഉപജീവനമാർഗ്ഗത്തിന് മതിയായ വകകളില്ലാത്തവരും കൃഷി ഉപജീവനമാർഗ്ഗമാക്കാൻ സന്നദ്ധരായിട്ടുള്ള കർഷകർ, കർഷകത്തൊഴിലാളി

കൾ എന്നിവരുടെ കുടുംബങ്ങളിലെ തൊഴിൽ രഹിതരായ ചെറുപ്പക്കാർ-മേൽ ഒന്നാം ഇനം കഴിച്ച് ബാക്കിയുള്ളതിന്റെ 10 ശതമാനം.

6. 10.5.71 നു മുൻപ് സ്വകാര്യവനങ്ങളിലോ, സ്വകാര്യവനങ്ങളു മായി ബന്ധപ്പെട്ടോ ജോലി ചെയ്തുകിട്ടുന്ന വേതനം മുഖ്യ ഉപജീവനമാർഗ്ഗ മായിരുന്ന കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും കുടുംബങ്ങളു മായി ബന്ധപ്പെട്ടവരും കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിക്കുവാൻ സന്നദ്ധ രായിട്ടുള്ളവരുമായുള്ള തൊഴിലാളികൾ-മേൽ ഒന്നാം ഇനം കഴിച്ച് ബാക്കിയു ള്ളതിന്റെ 35 ശതമാനം.

ഇപ്രകാരമുള്ള ഭൂമി റവന്യൂ വകുപ്പിന് ഏൽപ്പിക്കുകയും റവന്യൂ വകുപ്പ് അർഹരായവർക്ക് ഇതു സംബന്ധമായ വ്യവസ്ഥകൾ പ്രകാരം പതിച്ചു നൽകുകയുമാണ് ചെയ്യുന്നത്.

(ഡി) കാർഷിക ആവശ്യങ്ങൾക്കുവേണ്ടി 8300 ഹെക്ടർ നിക്ഷിപ്ത വനഭൂമി ഇതുവരെ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ഇതു കൂടാതെ 12,000 ഏക്കർ നിക്ഷിപ്ത വനഭൂമി ഭൂരഹിത-പട്ടികവർഗ്ഗ കർഷകർക്ക് പതിച്ചു നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(ഇ) ഇപ്രകാരം ഭൂമി നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂട്ടി യുള്ള അനുമതി ആവശ്യമാണ്. ഈ അനുമതി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

133 (1582) പാറശ്ശാല ഡിപ്പോയിൽനിന്നും നിറുത്തലാക്കിയ ദീർഘദൂര സർവ്വീസുകൾ

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന ദീർഘദൂര സർവ്വീസുകളിൽ പലതും നിറുത്തലാക്കിയ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിറുത്തലാക്കിയ ഈ ദീർഘദൂര സർവ്വീസുകൾ പുന രാരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എട്ടു ദീർഘദൂര സർവ്വീസുകൾ നിർത്തലാക്കിയതിൽ കളിയി ക്കവിള പീച്ചി ഡാം സർവ്വീസ് പുനസ്ഥാപിച്ചു. മറ്റുള്ളവയിൽ അന്തർസം സ്ഥാന സർവ്വീസുകൾ ഒഴിച്ചുള്ള നിശ്ചിത വരുമാനം ലഭിക്കാൻ സാദ്ധ്യതയി ല്ലാത്തതിനാൽ പുനരാരംഭിക്കാൻ നിർവ്വാഹമില്ല. അന്തർസംസ്ഥാന സർവ്വീസു കൾ, നിലവിലുള്ള അന്തർസംസ്ഥാന കരാറിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പുനരാരംഭിക്കാൻ സാധിക്കുകയില്ല.

134 (1583) പുതിയ ബസുകൾ

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly